ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) നിലവിൽ സർക്കാർ മേഖലയിൽ പാലക്കാട് ഉൾപ്പെടെ ഒൻപത് മെഡിക്കൽ കോളേജുകൾ ഉണ്ട്. സ്വകാര്യ, സ്വാശ്രയ മേഖലയിൽ 21 മെഡിക്കൽ കോളേജുകൾ കേരളത്തിൽ പ്രവർത്തിക്കുന്നു.

(ബി) സർക്കാർ മേഖലയിൽ 1250 സീറ്റുകൾ നിലവിലുണ്ട്. സ്വകാര്യ മേഖലയിൽ 2400 സീറ്റുകളും നിലവിലുണ്ട്.

(സി) ഉണ്ട്. 2015-16 വർഷത്തെ എം.ബി.ബി.എസ്. പ്രവേശനം സംബന്ധിച്ച് കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷന്റെ കീഴിലുള്ള 4 മെഡിക്കൽ കോളേജും, 1 ഡന്റൽ കോളേജും ഉൾപ്പെടെ 5 കോളേജുകളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. മറ്റ് സ്വാശ്രയ കോളേജ് മാനേജ്മെന്റുകളുമായി കരാറിൽ ഏർപ്പെടുന്നതിന് നടപടി സ്വീകരിച്ചുവരുന്നു..

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എല്ലാ സ്വാശ്രയ കോളേജുകളുമായി കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

നിർമ്മാണ മേഖലയിലെ സ്തംഭനം

14 (*74) ശ്രീ. എളമരം കരീം :

ഡോ. ടി. എം. തോമസ് ഐസക് :

ശ്രീ. ബി. ഡി. ദേവസ്സി :

ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ മേഖലയിലെ തൊഴിലാളികൾ തൊഴിലില്ലായ്മ കാരണം കടുത്ത പ്രതിസന്ധിയിലാണെന്ന കാര്യം തൊഴിൽ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ ;

(ബി) നിർമ്മാണ മേഖലയിലെ സ്തംഭനം പരിഹരിക്കാൻ വകുപ്പ് നടപടി സ്വീകരിക്കുമോ ;

(സി) സർക്കാർ, കരാറുകാർക്ക് കടിശ്ശിക വരുത്തിയതു കാരണം വിവിധ വികസന പ്രവർത്തനങ്ങൾ നടക്കുന്നില്ല എന്നതും അതിനാൽ തൊഴിലാളികൾ പ്രതിസന്ധിയിലാണ് എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കാൻ എന്ത് മാർഗ്ഗമാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) :

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി) വകുപ്പിന്റെ അധികാര പരിധിയിൽ വരുന്ന കാര്യങ്ങളിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പട്ടികജാതി പിന്നോക്ക വിഭാഗങ്ങൾക്കായുള്ള ക്ഷേമ പ്രവർത്തനങ്ങൾ

15 (*75) ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി പിന്നോക്ക വിഭാഗങ്ങൾക്ക് നൽകിവരുന്ന ക്ഷേമ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും കാലോചിതവുമായി നടപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ ;

(ബി) പട്ടികജാതി വികസന കോർപ്പറേഷനെയും പിന്നോക്ക വിഭാഗ കോർപ്പറേഷനെയും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഇവയിലൂടെ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ നടപടിക്രമം കൂടുതൽ ലളിതമാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) :

(എ) പട്ടികജാതി പിന്നോക്ക വിഭാഗങ്ങൾക്ക് നൽകിവരുന്ന ക്ഷേമ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും കാലോചിതവുമായി നടപ്പാക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. പട്ടികജാതി പിന്നോക്ക വിഭാഗ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ആനുകൂല്യം ഇ-ഗ്രാന്റ്സ്, DBTS എന്നിവ വഴി കാര്യക്ഷമമായും സമയബന്ധിതമായും നടപ്പിലാക്കിവരുന്നു. പോസ്റ്റ് മെട്രിക് ഹോസ്റ്റൽ പ്രവേശന നടപടികൾ കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതുമാകുന്നതിന്റെ ഭാഗമായി പ്രവേശന നടപടികൾ ഓൺലൈനായി ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly